## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 10.07.2012 ൽ |
| ചോദ്യം നമ്പർ. 5992 | മറുപടിയ്ക്ക് |

## തൊഴിലുറപ്പ് പദ്ധതി-വനിതാ തൊഴിലാളികളുടെ കുടുംബത്തിന് സഹായങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, പി.എ. മാധവൻ<br>,, എ.റ്റി. ജോർജ് | | **ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| എ) തൊഴിലുറപ്പ് പദ്ധതിയിലുള്ള വനിതാ തൊഴിലാളികളുടെ കുടുംബത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ; | എ) | സ്ത്രീ തൊഴിലാളികളുടെ സൗകര്യാർത്ഥം തൊഴിലിടങ്ങളിൽ കുട്ടികളുടെ സംരക്ഷണത്തിന് ക്രഷ്, കുടിവെള്ളത്തിനും പ്രാഥമിക ശുശ്രൂഷയ്ക്കും, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, തൊഴിലാളികൾക്ക് പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ പ്രസ്തുത വ്യക്തിയുടെ പ്രവൃത്തി സ്ഥലത്ത് തുടർന്നുള്ള ദിവസങ്ങളിൽ പണിയെടുത്തിരുന്നെങ്കിൽ കിട്ടുമായിരുന്ന കൂലിയുടെ പകുതിക്ക് തുല്യമായ തുക ദിനബത്ത, പ്രവൃത്തിക്കിടയിൽ തൊഴിലാളിക്കോ അവരെ അനുഗമിക്കുന്ന കുട്ടിക്കോ മരണം/സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 25000/- രൂപ എക്സ്-ഗ്രേഷ്യ ആനുകൂല്യം. 15 ദിവസത്തിലധികം പണിയെടുത്തവർക്ക് ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ആരോഗ്യ പരിരക്ഷ. കൂടാതെ, സംസ്ഥാനത്ത് 100 ദിവസം തൊഴിൽ പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് 1000/- രൂപയുടെ ധനസഹായം എന്നിവ നൽകി വരുന്നു. |
| ബി) ഇവരുടെ മക്കൾക്ക് പഠന സാമഗ്രികൾ, ധനസഹായം എന്നിവ നൽകുന്ന കാര്യം പരിഗണിക്കുമോ;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) & സി) | 2011-12 ൽ വനിതകൾ മാത്രം 90 ദിവസം പ്രവർത്തിയെടുക്കുകയും 100 ദിവസം പൂർത്തിയാക്കുകയും ചെയ്ത കുടുംബങ്ങൾക്ക് അവരുടെ കുട്ടികളുടെ പഠന ആവശ്യങ്ങൾക്കായി 1000 രൂപ ധനസഹായം നൽകുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ